14-10-2014-ൽ തിരുവനന്തപുരം നന്ദൻകോട് സ്വരാജ് ഭവനിലെ നഗരകാര്യ ഡയറക്ടറേറ്റിലും ചീഫ് ടൗൺ പ്ലാനറുടെ ഓഫീസിലും 28-10-2014-ാം തീയതി കെ.എസ്.യു.ഡി.പി.-യുടെ ഓഫീസിലും മിന്നൽ പരിശോധന നടത്തുകയുണ്ടായി. കൂടാതെ സംസ്ഥാനത്തെ വിവിധ നഗരസഭകളിലും ജില്ലാ ഓഫീസുകളിലും പരിശോധന നടത്തിയിട്ടുണ്ട്.

(സി) പട്ടികവർഗ്ഗക്ഷേമ. യുവജനകാര്യ. മ്യൂസിയം-മൃഗശാലാ വകുപ്പിനെ സംബന്ധിച്ച് അട്ടപ്പാടി ഐ.ടി.ഡി.പി. ഓഫീസിന് കീഴിലുള്ള അഗളി പ്രീ-മെടിക് ഹോസ്റ്റലിൽ ഹാജർ പുസ്തകത്തിലെ കൃത്രിമത്വം ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ടി സ്ഥാപനത്തിലെ ഒരു കുക്കിനേയും ഒരു പി.റ്റി.എസ്.-നേയും സസ്പെന്റ് ചെയ്തു. കൂടാതെ ടി സ്ഥാപനത്തിലെ ഒരു കുക്കിനെ അന്തേവാസികളോടുള്ള പരുഷമായ പെരുമാറ്റം കാരണം സ്ഥലം മാറ്റിയിട്ടുണ്ട്. മ്യൂസിയം മൃഗശാലാ വകുപ്പിന്റെ തൃശ്ശൂർ ഓഫീസിൽ മിന്നൽ പരിശോധന നടത്തിയപ്പോൾ ഹാജർ നില പരിശോധിക്കുകയും, അവധി സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്താത്ത ജീവനക്കാരോട് വിശദീകരണം നൽകാൻ ആവശ്യപ്പെടുകയും ചെയ്തു. ആരോഗ്യവകുപ്പുമന്ത്രി 22-4-2013-ന് തിരുവനന്തപുരം ഗവൺമെന്റ് അനലിസ്റ്റ് ലബോറട്ടറിയിൽ പരിശോധന നടത്തിയപ്പോൾ അനധികൃതമായി ജോലിക്ക് ഹാജരാകാതിരുന്നതായി കണ്ടെത്തിയ ജീവനക്കാരന്റെ പേരിൽ നടപടി സ്വീകരിക്കാൻ നിർദ്ദേശം നൽകുകയുണ്ടായി. നഗരകാര്യ-ന്യൂനപക്ഷ ക്ഷേമ വകുപ്പുമന്ത്രി നടത്തിയ പരിശോധനയിൽ ഹാജർ നിലയിൽ കുറവ് കണ്ടെത്തി. മേലിൽ ഇത് ആവർത്തിക്കാതിരിക്കാനുള്ള നടപടി സ്വീകരിക്കാൻ ബന്ധപ്പെട്ട വകുപ്പ് മേധാവികളോട് ആവശ്യപ്പെട്ടിട്ടുണ്ട്.

## സർവ്വീസിൽ സ്ഥിരപ്പെടുത്തിയ ജീവനക്കാർ

91 (1958) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സർക്കാർ മേഖലയിൽ എത്ര താൽക്കാലിക ജീവനക്കാരെ നിയമിച്ചിട്ടുണ്ടെന്നും, ഇവരിൽ എത്ര പേരെ സർവ്വീസിൽ സ്ഥിരപ്പെടുത്തിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൊതുഭരണ വകുപ്പിൽ 113 താൽക്കാലിക ജീവനക്കാരെ നിയമിച്ചിട്ടുണ്ട്. ഇവരിൽ ആരെയും സ്ഥിരപ്പെടുത്തിയിട്ടില്ല. എന്നാൽ പത്തു വർഷത്തിലധികമായി ദിവസവേതനാടിസ്ഥാനത്തിൽ ഡ്രൈവർ തസ്തികയിൽ ജോലി ചെയ്തുവന്ന ഒരാളെ സർവ്വീസിൽ സ്ഥിരപ്പെടുത്തിയിട്ടുണ്ട്. മറ്റ് വകുപ്പുകളെ സംബന്ധിച്ച് വിവരം ശേഖരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly